സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കോവിഡ് 19 -ുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ - ഇളവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-1** നന്തൻകോട് **06/11/2021**

---

പരാമർശം ഃ- 23-06-2021 ലെ ROC 3701/20/Est-1 (ii) നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

ലോക്ക്ഡൗൺ നിബന്ധനകളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിലെ പൂജാസമയം നിയന്ത്രണങ്ങൾക്ക് മുൻപുണ്ടായിരുന്ന ക്രമം പുനഃസ്ഥാപിച്ച് പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കോവിഡ് നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ക്ഷേത്രങ്ങളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കി ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

1. ക്ഷേത്രങ്ങളിൽ എല്ലാ പ്രായത്തിലുള്ളവർക്കും ദർശനം അനുവദിക്കുന്നതാണ്.
2. വിശേഷാൽ ചടങ്ങുകളായ സപ്താഹം, നവാഹം എന്നിവ ബോർഡിന്റെ മുൻകൂർ അനുവാദം വാങ്ങി നടത്താവുന്നതാണ്.
3. കർശനമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അന്നദാനം നടത്താവുന്നതാണ്.
4. ക്ഷേത്രക്കുളങ്ങൾ ഭക്തജനങ്ങൾ ഉപയോഗിക്കുന്നതിന് വിലക്കുണ്ടായിരിക്കുന്നതല്ല.
5. ഉത്സവ ചടങ്ങുകൾക്ക് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സ്റ്റേജ് ഷോകൾ, ആന എഴുന്നള്ളത്ത് എന്നിവയ്ക്ക് അതത് ജില്ലാ ഭരണകൂടങ്ങളുടെ അനുമതി കൂടി വാങ്ങേണ്ടതാണ്.
6. പ്രസാദ വിതരണത്തിനുള്ള നടപടിക്രമങ്ങൾ നിയന്ത്രണങ്ങൾക്ക് മുൻപുണ്ടായിരുന്ന വിധം പുനസ്ഥാപിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK